**KERALA ELECTRICITY EMPLOYEES CONFEDERATION (INTUC)**

Reg. No 01-14/87) Aff.No. 10485, Head Office: V.P. Marakkar Smaraka Mandiram, Ambujavilasam Road, Thiruvananthapuram - 695 001

Working President
**Adv. Sibykutty Francis**
Mob.9447303578

General Secretary
**Shameem Natiamangalam**
Mob: 9495018535

No. KEEC/GL/2026/56

തിരുവനന്തപുരം
28.07.2026

സ്വീകർത്താവ്
ബഹു. ചീഫ് സേഫ്റ്റി കമ്മീഷണർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം: പെർമിറ്റ് ടു വർക്ക് (PTW) മാതൃക നിർദേശങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച്.**

**സൂചന: ചീഫ് സേഫ്റ്റി കമ്മീഷണർ ചീഫ് പേഴ്സണൽ ഓഫീസർക്ക് നൽകിയ കുറിപ്പ് നമ്പർ: CSC/AEE-1/PTW-Turnkey works/2024-25/153, തീയതി 17.01.2026.**

ടേൺ കീ അടിസ്ഥാനത്തിലുള്ള പ്രവൃത്തികൾ ഉൾപ്പെടെയുള്ള പ്രവർത്തികൾക്ക് വേണ്ടി തയ്യാറാക്കുന്ന പെർമിറ്റ് ടു വർക്ക് (PTW) ഫോറത്തിന്റെ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന മാതൃകയുടെ കരട് സംബന്ധിച്ച തൊഴിലാളി സംഘടനകളുടെ അഭിപ്രായങ്ങൾ സൂചന പ്രകാരം തേടിയിരുന്നു. ഇത് സംബന്ധിച്ച് സംഘടനയ്ക്ക് നൽകാനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

പല പ്രവൃത്തികളുടെയും സ്ഥലങ്ങളിൽ കോൺട്രാക്ടർ ചുമതലപ്പെടുത്തിയ സൂപ്പർവൈസർ ഉണ്ടാകാറില്ല. പുതിയ കരട് പ്രകാരം PTW സ്വീകരിക്കേണ്ടത് കോൺട്രാക്ടർ ചുമതലപ്പെടുത്തിയ സൂപ്പർവൈസറാണ്. അതിനാൽ പ്രവർത്തി സ്ഥലങ്ങളിൽ കോൺട്രാക്ടർ ചുമതലപ്പെടുത്തിയ സൂപ്പർവൈസർ ഉണ്ടെങ്കിൽ മാത്രമേ പ്രവൃത്തി ചെയ്യാനാവു എന്ന നിർദ്ദേശം കോൺട്രാക്ടർമാർക്ക് നൽകേണ്ടതാണ്. മാത്രമല്ല പെർമിറ്റ് ടു വർക്ക് (PTW) കരാറുകാരന്റെ പേരിൽ അനുവദിക്കുന്നതുമൂലം സുരക്ഷ നിയന്ത്രണത്തിന്റെ നിയമപരമായ ഉത്തരവാദിത്തം ആരിൽ നിക്ഷിപ്തമാണെന്ന കാര്യത്തിൽ ആശയക്കുഴപ്പവും അവ്യക്തതയും സൃഷ്ടിക്കാൻ ഇടയാകും.

വൈദ്യുതി നിയമം 2003 ലെ വകുപ്പ് 53 പ്രകാരം എല്ലാ വൈദ്യുതി ഇൻസ്റ്റലേഷനുകളും വർക്കുകളും കേന്ദ്ര വൈദ്യുത അതോറിറ്റി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടത് നിർബന്ധമാണ്. ഈ നിയമപരമായ ഉത്തരവാദിത്തം ഇൻസ്റ്റലേഷന്റെ ഉടമയ്ക്കോ, വൈദ്യുതി വിതരണ ലൈസൻസിക്കോ അല്ലെങ്കിൽ ഇൻസ്റ്റലേഷന്റെ നിയന്ത്രണവും ചുമതലയും വഹിക്കുന്ന അധികാരപ്പെട്ട വ്യക്തിക്കോ ആണ് നിക്ഷിപ്തമായിരിക്കുന്നത്. കരാർ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഈ നിയമപരമായ ബാധ്യത മറ്റൊരാൾക്ക് കൈമാറാൻ സാധിക്കില്ല. അതുപോലെ CEA (Measure relating to safety and Electric Supply) Regulation 2023 പ്രകാരം വൈദ്യുത ഇൻസ്റ്റലേഷനുകളുടെ സുരക്ഷിതമായ പ്രവർത്തനം ഐസൊലേഷൻ, എർത്തിങ്, ജോലികളുടെ മേൽനോട്ടം, പരിശോധന വിതരണത്തിന്റെ പുനഃസ്ഥാപനം എന്നിവയുടെ ഉത്തരവാദിത്തം ബന്ധപ്പെട്ട ഉടമയ്ക്കോ, ലൈസൻസിക്കോ അല്ലെങ്കിൽ അധികാരപ്പെട്ട വ്യക്തിക്കോ ആണ് നിക്ഷിപ്തമായിരിക്കുന്നത്. ഈ നിയമാനുസൃത ഉത്തരവാദിത്തങ്ങൾ ടേൺ കീ കരാറുകാരന് കൈമാറാമെന്ന് ചട്ടങ്ങളിൽ എവിടെയും വ്യവസ്ഥ ചെയ്തിട്ടില്ല.

കൂടാതെ വൈദ്യുതി നിയമം 2023 ലെ വകുപ്പ് 176(2)W പ്രകാരം Information of Accident (Form and Time of Service of Notice) Rules 2005 അനുസരിച്ച് വൈദ്യുതി അപകടങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതിനുള്ള നിയമപരമായ ഉത്തരവാദിത്തത്തെ വ്യക്തമായി നിർണ്ണയിക്കപ്പെട്ടിരിക്കണം. PTW ടേൺ കീ കരാറുകാരന്റെ പേരിൽ അനുവദിക്കുന്ന സാഹചര്യം **ഉണ്ട**ാകുകയാണെങ്കിൽ അപകട റിപ്പോർട്ടിങ്ങിനുള്ള യഥാർത്ഥ ഉത്തരവാദിത്തം സംബന്ധിച്ച് ആശയക്കുഴപ്പം **ഉണ്ട**ാകാനും നിയമപരമായ തർക്കങ്ങൾക്ക് ഇടയാകാനും സാധ്യതയു**ണ്ട്**. ആയതിനാൽ പെർമിറ്റ് ടു വർക്ക് അനുവദിക്കാനുള്ള അധികാരം KSEB ജീവനക്കാരിൽ തന്നെ നിക്ഷിപ്തമാണെന്ന് അഭ്യർത്ഥിക്കുന്നു.

പുതിയ കരട് മാതൃകയിലെ ക്രമനമ്പർ 8 പ്രകാരമുള്ള ചോദ്യത്തിന് ഉത്തരം നൽകുന്നതിന് മുമ്പായി പ്രവർത്തനമേഖലയിലെ ജനറേറ്റർ/ഇൻവെർട്ടർ/സോളാർ ഘടിപ്പിച്ചിട്ടുള്ള ഉപകരണങ്ങൾ ഓഫ് ചെയ്ത് ഐസൊലേറ്റ് ചെയ്തിട്ടു**ണ്ട**ോ എന്ന് ഉറപ്പുവരുത്തുന്നത് തന്മൂലം **ഉണ്ട**ാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ഏറെ സഹായകമാണ്. എന്നാൽ ഓരോ പ്രവർത്തന മേഖലയിലും ഇത്തരത്തിലുള്ള 100 കണക്കിന് ഉപഭോക്തങ്ങൾ **ഉണ്ട**ാവും. ഇവരുടെയെല്ലാം മെയിൻ ഓഫ് ചെയ്ത് ഐസൊലേറ്റ് ചെയ്തിട്ടു**ണ്ട**ോ എന്ന് ഉറപ്പുവരുത്തുന്നത് പ്രായോഗികമല്ല. ഉപഭോക്താക്കളുടെ ഇത്തരം ഉപകരണങ്ങളിൽ നിന്ന് കെഎസ്ഇബിയുടെ വൈദ്യുതി ലൈൻ പ്രവഹിക്കാതിരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തേ**ണ്ട**ത് അതത് ഉപഭോക്താക്കളുടെ ഉത്തരവാദിത്തമാണെന്നിരിക്കെ ഈ ചോദ്യം ഉൾപ്പെടുത്തുന്നതിലൂടെ ഏതെങ്കിലും സാഹചര്യത്തിൽ സമയക്കുറവും മറ്റുമുള്ള അപ്രായോഗികത കൊ**ണ്ട്** ഏതെങ്കിലും ഉപഭോക്താവിന്റെ മെയിൻ ഓഫ് ചെയ്ത് ഐസലേറ്റ് ചെയ്യുന്നത് ഉറപ്പുവരുത്താൻ വിട്ടുപോവുകയും അതുവഴി ഏതെങ്കിലും

അപകടം ഉണ്ടാവുകയോ മേൽ ഉദ്യോഗസ്ഥൻ മിന്നൽ പരിശോധന നടത്തുമ്പോൾ ഇത് ശ്രദ്ധയിൽ പെടുകയോ ചെയ്താൽ മേൽനോട്ടം വഹിക്കുന്ന കെഎസ്ഇബി ജീവനക്കാരൻ ആയതിന് ഉത്തരവാദിയാവുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം സംജാതമാകും. മാത്രമല്ല അങ്ങനെ ചെയ്തെന്ന് ഉറപ്പുവരുത്തിയതിനുശേഷവും പ്രവൃത്തി സമയത്ത് ഏതെങ്കിലും ഉപഭോക്താവ് അബദ്ധവശാലോ ബോധപൂർവ്വമോ മെയിൻ ഓഫ് ചെയ്താലും ആയതിന്റെ ഉത്തരവാദിത്തവും പ്രവൃത്തിക്ക് മേൽനോട്ടം വഹിക്കുന്ന കെഎസ്ഇബി ജീവനക്കാരന് മേൽ കെട്ടിവയ്ക്കുന്ന സാഹചര്യം സംജാതമാകും. ആയതിനാൽ കരട് മാതൃകയിൽ നിന്ന് ഈ ചോദ്യം ഒഴിവാക്കണം എന്നും അഭ്യർത്ഥിക്കുന്നു.

അതുപോലെ ക്രമനമ്പർ 17 ൽ ഉള്ള ചോദ്യത്തിന് ഉത്തരം നൽകും മുമ്പ് പ്രതിഷ്ഠാപനങ്ങളുടെ ക്ഷമത ഉറപ്പുവരുത്തുന്നത് വിള്ളൽ, കാലപ്പഴക്കം തുടങ്ങിയ കാരണങ്ങൾ കൊണ്ടുള്ള അപകടങ്ങൾ ഒഴിവാക്കാൻ സഹായകമാണ്. എന്നാൽ സാമഗ്രികളുടെ ഗുണനിലവാര തകർച്ച കൊണ്ട് ഏതെങ്കിലും അപകടങ്ങൾ ഉണ്ടായാൽ അതിന്റെ ഉത്തരവാദിത്വം മേൽനോട്ടം വഹിക്കുന്ന കെഎസ്ഇബി ജീവനക്കാരിൽ നിക്ഷിപ്തമാകുമെന്നതിനാൽ ഈ ചോദ്യം വിള്ളൽ, കാലപ്പഴക്കം തുടങ്ങിയ അപാകതകൾ മൂലമുള്ള ക്ഷമതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന തരത്തിൽ ഭേദഗതി വരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓരോ പ്രവൃത്തിയും ചെയ്യുന്നതിന് മുമ്പായി അതത് പ്രവൃത്തികൾക്ക് വർക്ക് Authorisation ന്റെ നമ്പർ ചേർക്കാനുള്ള കോളം കൂടി PTW ഫോറത്തിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

കരാറുകാരന്റെ തൊഴിലാളികളുടെ പേരും ഒപ്പും രേഖപ്പെടുത്തുന്നതിനുള്ള കോളത്തിൽ 7 പേരുടെ മാത്രമേ ഉള്ളു. അത് 10 എങ്കിലുമാക്കി വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

അഡ്വ. സിബിക്കുട്ടി ഫ്രാൻസിസ്
വർക്കിംഗ് പ്രസിഡന്റ്

ഷമീം നാട്യമംഗലം
ജനറൽ സെക്രട്ടറി